# ആദ്യത്തെ പ്രേമരോഗം

മനസ്സിൽ ആദ്യം ഇഷ്ടം തോന്നിയ പെൺകുട്ടി ആരായിരുന്നു? ഓർത്തെടുക്കുമ്പോൾ പ്രിയയുടെ മുഖമാണ് മനസ്സിൽ തെളിയുക - വെക്കേഷൻ ക്ലാസ്സിൽ ഒപ്പമുണ്ടായിരുന്ന പ്രിയാമണിയുടെ മുഖം.

അതിനെ പ്രേമം എന്നു പറയാമോ? 12 വയസ്സുകാരന് ഒരു പെൺകുട്ടിയെ കാണുമ്പോൾ തോന്നുന്ന 'ഒരിത്'' - അത്ര തന്നെ. ഒരു ദിവസം പ്രിയയെ കണ്ടില്ലെങ്കിൽ ഒരു വിഷമം. കണ്ടാൽ ഒരു സുഖം. അവളൊന്ന് ഇടംകണ്ണിട്ടു നോക്കിയാൽ ഒരു നിർവൃതി - ഇതൊക്കെയാണ് ലക്ഷണങ്ങൾ. (റ്റിവി ചാനലുകൾ ഇല്ലാത്തതു കൊണ്ടും സിനിമ ഇത്ര കണ്ടു 'പുരോഗമിച്ചിട്ടില്ലാ'ത്തതിനാലും 12 വയസ്സായിപ്പോയെന്നു മാത്രം. ഇപ്പോഴാണെങ്കിൽ ഇതിനൊക്കെ ഏഴു വയസ്സു തന്നെ ധാരാളം.)

റ്റ്യൂഷൻ സെൻററിൽ പ്രഭാകരൻ സാറിൻെറ കണക്കുക്ലാസ്സിൽ എൻെറ ശ്രദ്ധ മുഴുവൻ പ്രിയാമണിയുടെ എണ്ണ മിനുത്ത കവിളിലായിരുന്നു. ഭാഗ്യം! പ്രഭാകരൻ സാർ അതു കണ്ടില്ല. അദ്ദേഹത്തിൻെറ ശ്രദ്ധ അപ്പുറത്തെ ക്ലാസ്സിലെ സാവിത്രി റ്റീച്ചറിലായിരുന്നല്ലോ.

ഇങ്ങനെ ഞാൻ മാത്രം ശ്രദ്ധിച്ചിട്ടെന്തു കാര്യം. പ്രിയയ്ക്കു കണ്ട ഭാവമേ ഇല്ല. എങ്ങനെ ശ്രദ്ധിക്കാൻ! ഞാൻ അന്ന് ഇപ്പോഴത്തെപ്പോലെ സുന്ദരനല്ലല്ലോ(?!). കറുത്തു മെലിഞ്ഞ ഒരു പയ്യനെ അവൾ നോക്കിയെങ്കിലാണദ്ഭുതം. പ്രിയ വരുന്നത് അണിഞ്ഞൊരുങ്ങി വില കൂടിയ മണവും പൂശിയാണ്. നമ്മളോ.. ആകെ 'വാലാ-കോലാ'. ചേട്ടൻ കാണാതെ അടിച്ചു മാറ്റുന്ന അൽപം ക്യുട്ടിക്കൂറ പൗഡറാണ് ആകെയൊരു ബലം.

പ്രിയ വരുമ്പോൾ എതിരേ നടന്നു നോക്കി. ക്ലാസ്സിൽ ഉത്തരങ്ങൾ ഉറക്കെ പറഞ്ഞു നോക്കി. കിം ഫലം. പ്രിയയ്ക്ക് മൈൻഡേയില്ല!

ക്ലാസ്സിൽ കണക്ക്, ബോർഡിൽ ചെയ്യിക്കുന്ന പതിവുണ്ട്, പ്രഭാകരൻ സാറിന്. അതിനു നമ്മളെ വിളിച്ചിരുന്നെങ്കിൽ അങ്ങനെങ്കിലും അവൾ ഒന്നു ശ്രദ്ധിച്ചേനെ. സാർ അതിനും പ്രിയയെ വിളിക്കും. പ്രിയ വളരെ പതുക്കെയാണ് എഴുതുക. അപ്പോൾ പ്രഭാകരൻ സാറിന് ചുവരിനടുത്ത് നിന്ന് റ്റീച്ചറോട് കൂടുതൽ നേരം സൊള്ളാമല്ലോ. നമുക്ക് ആകെയുള്ള ഗുണം പ്രിയ തിരിച്ചു വരുമ്പോൾ വിടർന്ന മിഴികൾ കാണാമെന്നുള്ളതാണ്. അപ്പൊഴെങ്കിലും അവൾ നമ്മളെ നോക്കുന്നുണ്ടോ. എവിടെ നോക്കാൻ!

പ്രിയയോട് ക്ലാസ്സ് നോട്ട് ചോദിച്ചാലോ. അതിന് ഒരു ദിവസം ക്ലാസ്സിൽ പോകാതിരിക്കണം. ഉമ്മയോട് കള്ളം പറഞ്ഞു വീട്ടിൽ നില്ക്കാൻ മടി. വീട്ടിൽ നിന്നിറങ്ങിയാൽ ക്ലാസ്സിൽ പോകാതെ വഴിയിലെങ്ങും നില്ക്കാനും പറ്റില്ല. കോളെജിലെ പഠിപ്പ് കഴിഞ്ഞ് പണിയില്ലാതിരിക്കുന്ന ചേട്ടൻ റോന്ത് ചുറ്റുന്നുണ്ടാവും. കണ്ടാൽ ചെവി പൊന്നായതു തന്നെ.

എങ്ങനെയൊക്കെയോ ഒരു ദിവസം പോകാതെ കഴിച്ചു. പിറ്റേന്ന് ക്യുട്ടിക്കൂറ ഒന്നിനു പകരം രണ്ടു കോട്ടടിച്ചിട്ടാണു പോയത്. പോകുന്ന വഴിയിൽ ആലോചിച്ചു - പ്രിയയോട് എന്തു ചോദിക്കും? ''പ്രിയേ ഇന്നലത്തെ കണക്കിൻെറ നോട്ട് ഒന്നു...'' ഛെ, അതു വേണ്ട; 'പ്രിയേ' എന്നു കടുപ്പത്തിൽ വിളിച്ചാൽ അവൾക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോ. ''കുട്ടീ ഇന്നലത്തെ കണക്കിൻെറ...''. അതും ഒരു സുഖമില്ല.

എങ്കിൽ പിന്നെ 'കർത്താവ്' വേണ്ട. കർത്താവും ഭർത്താവും ഇല്ലാതെ ഈ നാട്ടിൽ എന്തെല്ലാം കർമ്മങ്ങൾ നടക്കുന്നു! 'ആ കണക്കിൻെറ നോട്ട് ഒന്നു തരുമോ?' എന്നു മതി.

ക്ലാസ്സ് തുടങ്ങിയിരിക്കുന്നു. മുൻ നിരയിൽ 'വിടർന്ന കണ്ണുകൾ' കാണുന്നില്ല. അവളിനി വരാതിരിക്കുമോ എന്നാലോചിക്കുമ്പൊഴേക്കും വാതിൽക്കൽ പ്രിയ. മനസ്സിനെന്തൊരു സുഖം. 'ക്ലാസ്സ് കഴിഞ്ഞാൽ ഉടനെ നോട്ട് ചോദിക്കണം' – മനസ്സിൽ കരുതി. അപ്പോഴാണ് സാറിൻെറ ചോദ്യം എൻെറ പ്രതീക്ഷയാകെ പൊളിച്ചടുക്കിയത്: ''പ്രിയ എന്താ ഇന്നലെ ക്ലാസ്സിൽ വരാതിരുന്നത്?'' ഞാൻ കുരങ്ങുചത്ത കുറവനെപ്പോലെ ഒടിഞ്ഞു കുത്തിയിരുന്നു...

രണ്ടു ദിവസം പ്രിയയെ ക്ലാസിൽ കണ്ടില്ല. അവൾ റ്റ്യൂഷൻ നിർത്തി പോയതാണോ എന്നൊക്കെ ആലോചിക്കുമ്പൊഴേക്ക് മൂന്നാം ദിവസം പ്രിയ വന്നു. അന്നുച്ചയ്ക്ക് പുതിയ 'വഴികളെ'ക്കുറിച്ച് തല പുകയ്ക്കുമ്പോഴാണതു സംഭവിച്ചത്. ''കണക്കിൻെറ നോട്ട് ഒന്നു തരുമോ...''. 'വിടർന്ന കണ്ണുകൾ' മുന്നിൽ. വിശ്വാസം വരുന്നില്ല. ' തരാമല്ലോ... അല്ലെങ്കിൽ നോട്ട് ഞാൻ വേണമെങ്കിൽ എഴുതിത്തരാം പ്രിയേ' എന്നെല്ലാം പറയണമെന്നുണ്ട്. പക്ഷേ എൻെറ നാക്കെവിടെ? സഹാറ പോലെ വരണ്ട വായിൽ അതെവിടെയോ ചത്തു കിടക്കുകയാണ്. ആകെയൊരു വിറയൽ. എങ്ങനെയോ ബുക്കെടുത്തു കൊടുത്തു. പിന്നെ അവൾ പോകുന്നതും നോക്കി മിഴിച്ചിരുന്നു.....

പ്രിയ ബുക്കുമായി തിരികെ വരുന്നുണ്ട്. ശ്രദ്ധിക്കാത്ത മട്ടിൽ ഗൗരവത്തിൽ ഇരുന്നു. നമുക്കും ഒരു വെയിറ്റ് ഒക്കെയില്ലേ. 'താങ്ക്സ്'– ബുക്കുമായി പ്രിയ മുന്നിൽ. 'താങ്ക്സ്' പറയുമ്പോൾ. തിരിച്ചു പറയുന്ന ഒരു വാക്കുണ്ടല്ലോ. ഛെ! പണ്ടാരം. ഓർമ വരുന്നില്ല. ഇനി ഓർത്തിട്ടും കാര്യമില്ല. അവൾ നടന്നു കഴിഞ്ഞു.

പെട്ടെന്ന് പ്രിയ തിരിഞ്ഞു നോക്കി. വിടർന്ന കണ്ണുകളിൽ പുതിയൊരു തിളക്കവും തിരയിളക്കവും. പിന്നെ അവൾ ചിരിച്ചുകൊണ്ട് ഓടിപ്പോയി. ദൈവമേ! ഞാനിപ്പോൾ എവിടെയാണിരിക്കുന്നത്? ക്ലാസ്സിലെ കാലൊടിഞ്ഞ ബെഞ്ചിലോ ദേവലോകത്തെ സിംഹാസനത്തിലോ! എന്തൊരു സുഖദമായ നിമിഷം! മതി, ഇത്രയും മതി...

ഉറക്കം വരുന്നില്ല. കണ്ണടച്ചാൽ 'വിടർന്ന കണ്ണുകൾ' മുന്നിൽ തെളിയും. നാളെ പ്രിയയോട് സംസാരിക്കണം. മനസ്സിൽ കരുതി. എങ്ങനെ തുടങ്ങണം? എങ്ങനേയും തുടങ്ങാമല്ലോ! പ്രിയ ഇപ്പോൾ എൻെറ...

അതിരാവിലെ ക്ലാസ്സിലെത്തി. പ്രിയ ഒന്നുവന്നെങ്കിൽ. പക്ഷേ പ്രിയ അന്നു ക്ലാസ്സിൽ വന്നില്ല. അന്നു മാത്രമല്ല, തുടർന്നുള്ള ദിവസങ്ങളിലും...

പ്രിയ മായയായി മറഞ്ഞതെവിടെയാണ്? എന്തിനായിരുന്നു വിടർന്ന മിഴികളിലെ തിരയിളക്കം?

പെൺകുട്ടികളുടെ ഇളക്കങ്ങൾ എന്തിനെന്നാർക്കറിയാം!

**************